# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷാവിഭാഗം)

**സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിൽ 2016, 2017 & 2018 വർഷങ്ങളിൽ പ്രവേശനം നേടി വിജയകരമായി ബിരുദം പൂർത്തിയാക്കിയ യു.ജി വിദ്യാർഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ**

### അപേക്ഷിക്കേണ്ട രീതി

മാർഗ നിർദേശങ്ങൾ വായിച്ചു മനസിലാക്കിയ ശേഷം **Proceed** ബട്ടൺ ക്ലിക്ക്ചെയ്ത് രജിസ്റ്റർ നമ്പർ, ജനന തീയതി എന്നിവ നൽകി ഓൺലൈൻ അപേക്ഷയുമായി മുന്നോട്ട് പോകുക. ഓൺലൈൻ അപേക്ഷയുടെ ഭാഗമായി എസ്.എസ്.എൽ.സി, യോഗ്യതാസർട്ടിഫിക്കറ്റ് (പ്ലസ് ടു, തതുല്യം), യു.ജി ഫൈനൽഗ്രേഡ് കാർഡ് (ഒറിജിനൽ) എന്നീ രേഖകൾ പി.ഡി.എഫ് ഫോർമാറ്റിൽ (**Maximum File size 1 MB**) നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. സ്കാൻ ചെയ്ത രേഖകൾ വ്യക്തവും വായിക്കാൻ കഴിയുന്നതുമായിരിക്കണം. ഫൈനൽ ഗ്രേഡ് കാർഡിൻെറ ഒറിജിനൽ തന്നെ അപ്‌ലോഡ് ചെയ്യണം. ഇൻറർനെറ്റ് കോപ്പി സ്വീകാര്യമല്ല.

എല്ലാ വിശദാംശങ്ങളും നല്കി ഓൺലൈൻ അപ്ലിക്കേഷൻ സബ്മിറ്റ് ചെയ്തതിനുശേഷം അതിൻെറ ഒരു പ്രിൻറൗട്ട് എടുത്ത്, "ഡിക്ലറേഷൻ" പൂർണമായും വായിച്ചു ബോധ്യപ്പെട്ടതിനുശേഷം ഒപ്പിട്ട് നേരിട്ടോ തപാൽ വഴിയോ (മേൽവിലാസം – **CONTROLLER OF EXAMINATIONS, KANNUR UNIVERSITY, THAVAKKARA, CIVIL STATION (P O), KANNUR 670002**) സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെപറയുന്നരേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അടക്കം ചെയ്യേണ്ടതാണ്. **ഡിഗ്രി സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള കവർ വെയ്ക്കേണ്ടതില്ല.**

1. ഫീസ്/സെർച്ച് ഫീസ് റസീപ്റ്റ്
2. എസ്.എസ്.എൽ.സി
3. യോഗ്യതാ സർട്ടിഫിക്കറ്റ്
4. ഫൈനൽ ഗ്രേഡ് കാർഡ് (ഇൻറർനെറ്റ് കോപ്പി സ്വീകാര്യമല്ല)
5. ആധാർ (ഡിഗ്രിസർട്ടിഫിക്കറ്റ് NAD-ൽ അപ്‌ലോഡ് ചെയ്യുന്നതിന് ആധാർ-ൻെറ പകർപ്പിൽ രജിസ്റ്റർ നമ്പർ, ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ നമ്പർ, ഇ-മെയിൽവിലാസം എന്നിവ വ്യക്തമായി എഴുതി ചേർക്കേണ്ടതാണ്).

***ഗ്രേസ്മാർക്ക്, റീ-വാലേഷൻ, ഇംപ്രൂവ്മെൻറ് എന്നിവയ്ക്ക് അപേക്ഷിച്ച്, പുതുക്കിയ ഗ്രേഡ്കാർഡ് ലഭിക്കാത്ത വിദ്യാർഥികൾ ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ പാടുള്ളതല്ല. ഡിഗ്രി സർട്ടിഫിക്കറ്റ് ഒരിക്കൽ അനുവദിച്ചു കഴിഞ്ഞാൽ ഗ്രേഡ്കാർഡുകളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.***

### NATIONAL ACADEMIC DEPOSITORY (NAD):

വിദ്യാർഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ **National Academic Depository (NAD)**-യിൽ ലഭ്യമാക്കുന്നതിനായി സർവകലാശാല **'DigiLocker'**-ൻെറ സേവനമാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. അതിനാൽ വിദ്യാർഥികൾ ഡിഗ്രിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോഴോ അല്ലെങ്കിൽ മറ്റൊരു അവസരത്തിലോ ഇതിനായി നൽകിയിരിക്കുന്ന ലിങ്കിൽ (https://accounts.digitallocker.gov.in) പ്രവേശിച്ച് സ്വന്തമായ **'ഡിജിലോക്കർ അക്കൗണ്ട്'** സൃഷ്ടിക്കേണ്ടതാണ്. എങ്കിൽ മാത്രമേ സർവകലാശാല സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് വിദ്യാർഥികൾക്ക് ഇത് ലഭ്യമാവുകയുള്ളൂ.

**…….2**

## ഫീസ്‌വിശദാംശങ്ങൾ

**2016** അഡ്മിഷൻ വിദ്യാർഥികൾ അവരുടെ ഫൈനൽ സെമസ്റ്റർ പരീക്ഷാ ഫീസിൻെറ കൂടെ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായ **205**/- രൂപ അടച്ചവർ ബാക്കി തുകയായ **15**/- (പതിനഞ്ച്) രൂപ അടക്കേണ്ടതാണ്. അതോടൊപ്പം ഫലപ്രഖ്യാപനത്തിന് ഒരു വർഷത്തിനു ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ സർവകലാശാല താഴെസൂചിപ്പിച്ച പ്രകാരം നിശ്ചയിച്ചിട്ടുള്ള സെർച്ച് ഫീസും ചേർത്ത് ഒടുക്കേണ്ടതാണ്.

**2017** അഡ്മിഷൻ വിദ്യാർഥികൾ അവരുടെ ഫൈനൽ സെമസ്റ്റർ പരീക്ഷാഫീസിൻെറ കൂടെ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായ **220**/- രൂപ അടച്ചവർ വീണ്ടും ഫീസ് അടക്കേണ്ടതില്ല. എന്നാൽ ഫലപ്രഖ്യാപനത്തിന് ഒരു വർഷത്തിനു ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ സർവകലാശാല താഴെ സൂചിപ്പിച്ച പ്രകാരം നിശ്ചയിച്ചിട്ടുള്ള സെർച്ച് ഫീസ് ഒടുക്കേണ്ടതാണ്.

**2018** അഡ്മിഷൻ വിദ്യാർഥികൾ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായ **220**/- രൂപയും കവർ/തപാൽ ചാർജിനത്തിൽ **100/-**രൂപയും ചേർത്ത് **320**/- (മുന്നൂറ്റി ഇരുപത് മാത്രം) രൂപ ഒടുക്കേണ്ടതാണ്. എന്നാൽ ഫലപ്രഖ്യാപനത്തിന് ഒരു വർഷത്തിനു ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ സർവകലാശാല താഴെ സൂചിപ്പിച്ച പ്രകാരം നിശ്ചയിച്ചിട്ടുള്ള സെർച്ച് ഫീസും ചേർത്ത് ഒടുക്കേണ്ടതാണ്.

## തിരച്ചിൽഫീസ് (SEARCH FEES)

| അപേക്ഷിക്കുന്ന കാലയളവ് | ഫീസ് രൂപയിൽ |
|---|---|
| ഫലപ്രഖ്യാപനതീയതിമുതൽ ഒരു വർഷത്തിനുള്ളിൽ | 0 - |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 1 വർഷം മുതൽ 2 വർഷം വരെ | 170 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 2 വർഷം മുതൽ 3 വർഷം വരെ | 280 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 3 വർഷം മുതൽ 4 വർഷം വരെ | 360 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 4 വർഷം മുതൽ 5 വർഷം വരെ | 435 |
| ഫലപ്രഖ്യാപനതീയതിക്കുശേഷം 5 വർഷം മുതൽ 7 വർഷം വരെ | 800 |
| ഫലപ്രഖ്യാപനം കഴിഞ്ഞ്7വർഷത്തിനുശേഷം | 1105 |

**സർവകലാശാല അക്കൗണ്ടിൽ ഒടുക്കുന്ന തുക യാതൊരു വിധേനയും തിരികെ നൽകുന്നതല്ല.**

## ഫീസ് ഒടുക്കുന്ന വിധം

മേൽ പറഞ്ഞ ഫീസുകൾ, സർവകലാശാല വെബ്സൈറ്റിൻെറ **'ഹോം പേജിൽ'** നൽകിയിരിക്കുന്ന ***Online Payments*** എന്ന ലിങ്കിലൂടെ ***SBI COLLECT***എന്ന പോർട്ടൽവഴി ഓൺലൈനായി ഒടുക്കേണ്ടതാണ്.

- Category: Application for Original Degree Certificate
- Purpose: 1) Original Degree Certificate (Degree online Application)
  or
  2) Search Fee for Degree Certificate/Marklists (for each)

## സംശയനിവാരണത്തിന്

| | | |
|---|---|---|
| * | എൻക്വയറി നമ്പർ: | 0497-2715185 |
| * | ബി.കോം: | 0497-2715452 |
| * | ബി.എസ്.സി: | 0497-2715455 |
| * | ബി.എ/ബി.ബി.എ: | 0497-2715456 |
| * | ഓൺലൈൻ സാങ്കേതിക സഹായം: | 0497-2715268 / 0497-2715405 |